പെൺവാണിഭ-സ്ത്രീപീഡന കേസുകൾ

96 [51] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ എത്ര പെൺവാണിഭ-സ്ത്രീപീഡന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് എത്ര പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2001-2002, 2002-2003, 2003-2004, 2004-2005 വർഷങ്ങളിൽ എത്ര സ്ത്രീപീഡന-പെൺവാണിഭ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത ഓരോ വർഷവും ഇവയിൽ ഓരോന്നിലും ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം എത്രവീതം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 52 കേസുകൾ.

(ബി) 52 പരാതികൾ.

(സി) 2001-8, 2002-10, 2003-9, 2004-21, 2005-4 (31-5-2005 വരെ).

(ഡി) പ്രസ്തുത കേസുകളിൽ ആരെയും ശിക്ഷിച്ചിട്ടില്ല.

പെൺവാണിഭം നടത്തുന്നതിനെതിരെ നടപടി

97 [52] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ വനിതാ സ്കൂളുകളുടെയും കോളേജുകളുടെയും പരിസരം കേന്ദ്രീകരിച്ച് പെൺകുട്ടികളെ വശീകരിച്ചും പ്രലോഭിപ്പിച്ചും പെൺവാണിഭം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റോപ്പുകളിലും പൂവാലശല്യം ഉള്ളതായി അറിയുമോ;

(സി) ഇത് ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ;

(ഡി) പെൺകുട്ടികൾ ഇത്തരക്കാരുടെ വലയിൽ വീഴാതിരിക്കുന്നതിന് മാനസികമായി ധൈര്യം ആർജിക്കുന്നതിനാവശ്യമായ പ്രത്യേക ബോധവൽക്കരണ ക്ലാസുകൾ വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പൂവാലശല്യം ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ നിയമ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇക്കാര്യം പൊതു വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി ആലോചിച്ചു തീരുമാനിക്കുന്നതാണ്.

പെൺവാണിഭക്കേസ് അന്വേഷണ പുരോഗതി

98 [53] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എത്ര പെൺവാണിഭക്കേസുകളിലാണ് അന്വേഷണം നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) അന്വേഷണം നടത്തുന്ന കേസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ കേസിന്റേയും അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(ഡി) ഓരോ കേന്നിലും ഇതിനകം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 12 കേസുകളിൽ അന്വേഷണം നടത്തുന്നു. കൂടാതെ കിളിരൂർ പെൺവാണിഭക്കേസ് സി. ബി. ഐ. അന്വേഷിച്ചുവരുന്നു.

(ബി) 1. മെഡിക്കൽ കോളേജ് പി. എസ്. ക്രൈം 364/2005
2. നെടുമങ്ങാട് പി. എസ്. ക്രൈം 186/2003
3. കൊട്ടിയം പി. എസ്. ക്രൈം 197/2004
4. പരവൂർ പി. എസ്. ക്രൈം 364/2004
5. ഗുരുവായൂർ പി. എസ്. ക്രൈം 334/2004
6. നടക്കാവ് പി. എസ്. ക്രൈം 420/2002
7. നടക്കാവ് പി. എസ്. ക്രൈം 486/2002
8. കോഴിക്കോട് വനിതാ പി. എസ്. ക്രൈം 29/2002
9. കോഴിക്കോട് വനിതാ പി. എസ്. ക്രൈം 18/2003
10. എടക്കര പി. എസ്. ക്രൈം 217/2004
11. കണ്ണൂർ പി. എസ്. ക്രൈം 136/2005
12. കാസർഗോഡ് പി. എസ്. ക്രൈം 441/2005

LIBRARY ARCHIVES Kerala Legislative Assembly